# ഹൃദയവേദനകളെ അറിയുന്ന ദൈവം

## സങ്കീർത്തനം 34:18

**"ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ"**

ഒരു പാട്ടുകാരൻ ഇപ്രകാരം പാടിയിരിക്കുന്നു, "എല്ലാം പ്രതികൂലമായി തീർന്നെന്നാലും പാട്ടുമായി ഞാൻ എൻ കർത്താവിൻ മുമ്പിൽ നിൽക്കും മറ്റൊന്നും തന്നെ എൻ നാവിലില്ല, ഹല്ലേലുയ്യാ മാത്രം. തകർന്നതായ എൻ മനസ്സിൽ നിന്നും വിശുദ്ധനായ ദൈവത്തിനു പരിശുദ്ധിയിൽ ഹല്ലേലുയ്യാ." പാട്ടുകാരൻ ഇവിടെ ഉദ്ദേശിക്കുന്നത് തകർന്ന ഹൃദയങ്ങളിൽ നിന്നുമുള്ള ഹല്ലേലുയ്യാ ഗീതികളെ കുറിച്ചാണ്. മനുഷ്യ ജീവിതത്തിൽ ഹൃദയം തകർന്നു പോകുന്ന നിമിഷങ്ങൾ ഏതു സാഹചര്യത്തിലും വന്നു ചേരാം. അത് നമ്മുടെ പ്രിയപ്പെട്ടവർ മരണപ്പെടുമ്പോളോ, പ്രതീക്ഷിക്കാത്ത നേരത്ത് തങ്ങളുടെ ജോലി നഷ്ടപ്പെടുമ്പോളോ, ബന്ധങ്ങൾ പിരിയുമ്പോളോ അതുമല്ലെങ്കിൽ ജീവിതത്തിൽ നാം നമ്മോട് കൂടുതൽ ചേർത്തുപിടിക്കുന്നതായ എന്തിന്റെയും നഷ്ടം നമ്മുടെ ഹൃദയത്തെ പൊടുന്നനെ തകർത്തു കളയും. എന്നാൽ ഈ വേളകളിൽ പലരും പിടിച്ചു നിൽക്കാനാവാതെ പല അവിവേകങ്ങൾക്ക് മുതിരുന്നു.

എന്നാൽ ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലെ ഏതു സാഹചര്യത്തിലും അവനു ആശ്വാസം നൽകുന്ന ഒരു കാര്യമുണ്ട്. അത്, സകല ഹൃദയങ്ങളേയും സൃഷ്ടിച്ചവനും, ഹൃദയങ്ങളുടെ അവസ്ഥയെ അറിയുന്നവനുമായ ദൈവത്തെയാണ് അവൻ സേവിക്കുന്നത് എന്നതാണ്. ഈ ദൈവം തരുന്ന വാഗ്ദത്തമാണ് 'ഹൃദയം നുറുങ്ങിയവർക്കു അവൻ സമീപസ്ഥനാണ്' എന്നുള്ളത്. ജീവിതത്തിൽ ഉണ്ടാവുന്ന വൈഷമ്യങ്ങളുടെയും പ്രതികൂല സാഹചര്യങ്ങളുടെയും മധ്യത്തിൽ ഹൃദയങ്ങൾ തകരുമ്പോൾ അതു കണ്ട് കണ്ണടച്ചിരിക്കുന്നവനല്ല നാം സേവിക്കുന്ന ദൈവം. ഹൃദയം തകർന്നവരോട് ഏറ്റവും അടുത്ത് ആകുവാനും ആ തകർച്ചയെ സൗഖ്യമാക്കി അവരുടെ മുറിവുകളെ കെട്ടുവാനും അവൻ പ്രിയപ്പെടുന്നു.

പ്രിയരേ, നമുക്കുണ്ടാകുന്ന പ്രതികൂലതകളുടെ മദ്ധ്യത്തിൽ ഒരു പക്ഷെ ദൈവത്തോട് സംസാരിക്കുവാൻ നമ്മുടെ നാവുകളിൽ വാക്കുകൾ ഇല്ലായിരിക്കാം. അത്രമാത്രം നമ്മുടെ ഹൃദയം തകർന്ന അവസ്ഥ ആയിരിക്കാം നാം അനുഭവിക്കുന്നത്. എന്നിരുന്നാലും തകർന്ന ഹൃദയത്തിൽ നിന്നുമുയരുന്ന ഒരു ഹല്ലേലുയ്യാ ഗീതം ഉണ്ടെങ്കിൽ അത് ദൈവം പ്രസാദിക്കുന്ന ഒരു ആരാധന ആയിരിക്കും. നമ്മിൽ പലരും ഇന്ന് അനുഭവിക്കുന്ന ഹൃദയവേദന നന്നായി അനുഭവിച്ചറിഞ്ഞവനത്രേ നമ്മുടെ യേശു കർത്താവ്. അവന്റെ

മരണത്തിനു തൊട്ടു മുമ്പ് ഗത്സമന തോട്ടത്തിൽ വെച്ച് ഇങ്ങനെ പറഞ്ഞത്രേ "എന്റെ ഉള്ളം മരണ വേദന പോലെ അതി ദു:ഖിതമായിരിക്കുന്നു." എന്നാൽ ആ ഹൃദയത്തകർച്ചയുടെ മദ്ധ്യത്തിലും നമ്മുടെ കർത്താവ് പ്രാർത്ഥിച്ചത് "ഞാൻ ഇച്ഛിക്കും പോലെയല്ല, നീ ഇച്ഛിക്കും പോലെയാകട്ടെ എന്ന്." മനസ്സലിവുള്ളവനും സർവ്വാശ്വാസവും നൽകുന്നവനുമായ പിതാവാം ദൈവത്തെ മഹത്വീകരിച്ചു കൊണ്ടാണ് നമ്മുടെ കർത്താവ് ഈ ലോകത്തിൽ നിന്ന് കടന്നു പോയത്.

പ്രിയ ദൈവപൈതലേ, "എന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" എന്നു പൗലോസിനോട് പറഞ്ഞ യേശുകർത്താവിന്റെ വാക്കുകളുടെ ശക്തി ദൈവവചനത്തിലുടനീളം നാം കാണുന്നു. കർത്താവ് ഇന്നു നമ്മോട് എല്ലാവരോടുമായി പറയുന്നത്, ഞാൻ നിനക്കു മതിയായവനാണ്, നിന്റെ ഹൃദയം തകരുമ്പോൾ ഞാൻ നിന്നോടു കൂടെയുണ്ട്. പക്ഷെ നീ അവനെ നിന്റെ ജീവിതത്തിൽ നിരന്തരം അനുഗമിക്കുന്ന അനുഭവത്തിൽ ആയിത്തീർന്നിട്ടുണ്ടോ? ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 147:3
മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 191